10357

"ഭരണഭാഷ- മാതൃഭാഷ"

OFFICE OF THE LABOUR COMMISSIONER
11 SEP 2024
THIRUVANANTHAPURAM - 33

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (ഡി) വകുപ്പ്

നമ്പർ. ഡി2/401/2024-തൊഴിൽ 11-09-2024,തിരുവനന്തപുരം

സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ്, തിരുവനന്തപുരം

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പ്, തിരുവനന്തപുരം

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - റവന്യൂ വകുപ്പിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി അപേക്ഷകന്റെ/ ഗുണഭോക്താവിന്റെ സത്യവാങ്മൂലം നിർബന്ധമാക്കിക്കൊണ്ടുള്ള ഉത്തരവ് - സംബന്ധിച്ച്

സൂചന:- റവന്യൂ (റ്റി) വകുപ്പിന്റെ 03.09.2024 തീയതിയിലെ സ.ഉ (സാധാ) നം. 2109/2024/RD നമ്പർ ഉത്തരവ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. റവന്യൂ വകുപ്പിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി അപേക്ഷകന്റെ / ഗുണഭോക്താവിന്റെ സത്യവാങ്മൂലം നിർബന്ധമാക്കി കൊണ്ടുള്ള സൂചന ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

Signed by
അനുമതിയോടുകൂടി
Date: 11-09-2024 12:27:54

സെക്ഷൻ ഓഫീസർ.

പകർപ്പ് :- തൊഴിലും നൈപുണ്യവും വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - റവന്യു വകുപ്പിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി അപേക്ഷകന്റെ / ഗുണഭോക്താവിന്റെ സത്യവാങ്മൂലം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.2109/2024/RD തീയതി,തിരുവനന്തപുരം, 03-09-2024

---

പരാമർശം:-

1. 24.04.2013 ലെ സ.ഉ.(അച്ചടി) നം.160/2013/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ്
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 11.08.2021 ലെ എൽ. ആർ.(എ) 6-23161/20 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സമൂഹത്തിൽ കൃത്യമായ വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ കഴിയുന്നത് സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രമാണെന്നും സർക്കാരിതര മേഖലയിൽ ജോലി ചെയ്യുന്നവർ കൃത്യമായ വരുമാനം ബോധ്യപ്പെടുത്താതെയാണ് വരുമാന സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നതെന്നും ആയതിനാൽ വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി ഗുണഭോക്താവിൽ നിന്നുള്ള സത്യവാങ്മൂലം കൂടി ലഭ്യമാക്കുന്നത് അഭികാമ്യമാണെന്നും, അപേക്ഷകൻ/ഗുണഭോക്താവ് നൽകുന്ന സത്യവാങ്മൂലം തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ റദ്ദാക്കപ്പെടുമെന്നും, നിയമ നടപടികളെക്കുറിച്ച് അറിവും ബോധ്യവും ഉണ്ടെന്നും, ടി ഇനത്തിൽ സർക്കാരിന് വന്നിട്ടുള്ള നഷ്ടങ്ങൾ അപേക്ഷകനിൽ നിന്നും / ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നതാണെന്ന് മനസ്സിലാക്കുന്നു എന്ന് രേഖപ്പെടുത്തുകയും ആയത് അപേക്ഷകൻ / ഗുണഭോക്താവ് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും എന്നും ഓൺലൈൻ സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് വഴി നൽകുമ്പോൾ ഇത്തരത്തിൽ ഒരു ഡിക്ലറേഷൻ/ അഫിഡവിറ്റ് കൂടി ഉൾപ്പെടുത്തി നൽകുന്നത് ഉചിതമായിരിക്കും എന്നും പരാമർശം (2) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യു വകുപ്പിൽ നിന്നും വരുമാന സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി അപേക്ഷകന്റെ / ഗുണഭോക്താവിന്റെ ഒരു സത്യവാങ്മൂലം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. അപേക്ഷകൻ / ഗുണഭോക്താവ് നൽകുന്ന സത്യവാങ്മൂലം തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ റദ്ദാക്കപ്പെടുമെന്നും, നിയമ നടപടികളെക്കുറിച്ച് അറിവും ബോധ്യവും ഉണ്ടെന്നും, ടി ഇനത്തിൽ സർക്കാരിന് വന്നിട്ടുള്ള നഷ്ടങ്ങൾ അപേക്ഷകനിൽ നിന്നും / ഗുണഭോക്താവിൽ നിന്നും ഈടാക്കുന്നതാണെന്ന് മനസ്സിലാക്കുന്നുവെന്നും രേഖപ്പെടുത്തി ആയത്

അപേക്ഷകൻ / ഗുണഭോക്താവ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ (മാധ്യമങ്ങൾക്ക് നൽകുന്നതിലേയ്ക്കായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
സെക്ഷൻ ഓഫീസർ
Date: 03-09-2024 16:31:27

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പി. എസ്.ന്
ബഹു. റവന്യൂ ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്